പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 688

11.07.2014-ൽ മറുപടിയ്ക്ക്

## കയർ തൊഴിലാളികളുടെ കൂലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹീദ്<br>,, ഷാഫി പറമ്പിൽ<br>,, എ.റ്റി. ജോർജ്<br>,, പി.എ.മാധവൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 150/- രൂപയായിരുന്നത് 210/- രൂപയായും, തുടർന്ന് 260/- രൂപയായും, പിന്നീട് 300/- രൂപയായും വർദ്ധിപ്പിച്ചു. ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്ന് 285/- രൂപയായും പിന്നീട് 360/- രൂപയായും വർദ്ധിപ്പിച്ചു. |
| ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 02.02.2012 മുതൽ 210/- രൂപയായും, 01.05.2013 മുതൽ 260/- രൂപയായും, 01.03.2014 മുതൽ 300/- രൂപയായും വർദ്ധിപ്പിച്ചു. കൂലിയുടെ ഒരു വിഹിതം സർക്കാർ നേരിട്ട് തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം നൽകുകയും ചെയ്യുന്നുണ്ട്. |
| സി) ഉൽപാദന മേഖലയിൽ കുറഞ്ഞ കൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്; വിശദമാക്കുമോ; | സി) ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്നും 285/- രൂപയായും, 01.03.2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ട്: വിശദാംശങ്ങൾ എന്തെല്ലാം? | ഡി)വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം അർഹരായ തൊഴിലാളികൾക്ക് കൂലി നൽകുന്നതിനു വേണ്ടിയുള്ള ഫണ്ട് കയർ വികസന ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർക്ക് ആവശ്യാനു- സരണം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വരിൽ നിന്നും ക്ലെയിം ലഭിക്കുമ്പോൾ പ രിശോധിച്ച് അർഹമായ സർക്കാർ വിഹിതം ബന്ധപ്പെട്ട തൊഴിലാളികളുടെ ഈ ആവശ്യത്തിനു വേണ്ടി എടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പ്രോജക്ട് ഓഫീസർ (കയർ) നിക്ഷേപിക്കുന്നു. |

സെക്ഷൻ ഓഫീസർ